# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 24 | 03.02.2020-ൽ മറുപടിയ്ക്ക്

## ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. എം. മുകേഷ്<br>ശ്രീ. പി.വി. അൻവർ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എം. രാജഗോപാലൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികളുടെ ആശങ്കകളും ആവശ്യങ്ങളും പരിഗണിക്കുന്നതിനും നാടിന്റെ വികസനത്തിൽ അവരെക്കൂടി കണ്ണിചേർക്കുന്നതിനും ലോക കേരള സഭ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | എ) & ബി) | ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് ലോക കേരള സഭ രൂപീകരിച്ചത്. ലോക കേരള സഭയുടെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടു വരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രവർത്തിച്ചു വരുന്നു.<br>ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു. |
| ബി) | ഒന്നാം ലോക കേരള സഭയെത്തുടർന്ന് രൂപീകരിച്ച വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | 1. എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി<br><br>കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹു. മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു.<br>ഗൾഫ് മേഖലയിലെ നിക്ഷേപസമൂഹത്തിന് കേരളത്തിലെ നിക്ഷേപസാധ്യതകൾ വ്യക്തമാക്കാനായി ദുബായിൽ എൻ.ആർ.ഐ. എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് എന്ന പേരിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചു. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ താൽപര്യമുള്ളവരുമായി നേരിട്ട് ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളിലുണ്ടായിട്ടുള്ള നിക്ഷേപ വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. എൻ.ഐർ.ഐ കൺസ്ട്രക്ഷൻ കമ്പനി<br><br>അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3. പ്രവാസി സഹകരണ സംഘം<br><br>തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുളള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>4. വനിത എൻ.ആർ.കെ. സെൽ<br><br>വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു. ഗാർഹിക തൊഴിൽ മേഖലയിൽ കുടിയേറ്റം നടത്തുന്ന വനിതകൾക്കായി കൂടുതൽ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ നോർക്ക റൂട്ട്സ് സൗജന്യ റിക്രൂട്ട്മെന്റ് നൽകുന്നതിനോടൊപ്പം കാര്യക്ഷമമായ രീതിയിൽ വനിതകൾക്ക് സൗജന്യമായി ബോധവൽക്കരണവും നടത്തിവരുന്നു.<br><br>5. എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്സ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centres<br><br>മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്സ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശ കാര്യ മന്ത്രാലയവും സിവിൽ ഏവിയേഷൻ |

| | | | |
|---|---|---|---|
| | | | മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.<br><br>6. <u>നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം</u><br><br>ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ഡയറക്ടർ എന്നിവരെ ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രധാന ആതിഥേയ രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് വിവിധ കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.<br><br>7. <u>അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം</u><br><br>കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>8. <u>പ്രവാസി ആനുകാലിക പ്രസിദ്ധീകരണം</u><br><br>പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.<br><br>9. <u>എൻ.ആർ.ഐ. ബാങ്ക് & എൻ.ആർ.ഐ. കലോത്സവം എന്നീ ശിപാർശകൾ താൽക്കാലികമായി മാറ്റി വച്ചിരിക്കുകയാണ്.</u> |

| | | | |
|---|---|---|---|
| സി) | രണ്ടാം ലോക കേരള സഭയിലെ ചർച്ചയെത്തുടർന്ന് പ്രവാസികളുടെ ക്ഷേമത്തിനും സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും സഹായകമായി എന്തെല്ലാം പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | സി) | രണ്ടാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു വരുന്നതേയുള്ളൂ. വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കേണ്ടതും, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമായ നിരവധി വിഷയങ്ങൾ ഉണ്ട്. ക്രോഡീകരണം പൂർത്തിയാകുന്നമുറയ്ക്ക്, വിഷയങ്ങൾ വർഗ്ഗീകരിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ